**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ്ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

**സി.ജി. & എ.സി/5610/2020/HSE** **തീയതി :02/03/2020**

# സർക്കുലർ

വിഷയം:- വീ ഹെൽപ്പ് - സ്കൂൾ തല പ്രവർത്തനങ്ങൾ - സംബന്ധിച്ച്

ഹയർ സെക്കന്ററി പരീക്ഷയോടനുബന്ധിച്ചു വിദ്യാർത്ഥികൾക്കും രക്ഷിതാകൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിന് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെൽ **'വീ ഹെൽപ്പ് '** എന്ന പേരിൽ സഹായ കേന്ദ്രം **മാർച്ച് 3-ാം തീയതി മുതൽ ആരംഭിക്കുകയും, പരീക്ഷ അവസാനിക്കുന്നത് വരെ തുടരുന്നതുമാണ്. രാവിലെ 7 മണി മുതൽ രാത്രി 9 മണിവരെ ഈ സൗകര്യം ലഭ്യമായിരിക്കും.** സംസ്ഥാനമൊട്ടാകെയുള്ള വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ട്രേറ്റ് ഹയർസെക്കന്ററി വിഭാഗത്തിൽ ഫ്രീ സംവിധാനത്തിലുള്ള ഫോൺ സംവിധാനവും ഏർപ്പെടുത്തിട്ടുണ്ട്. കുട്ടികൾക്ക് സൗജന്യമായി **1800 425 2843** എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

കുട്ടികളുടെ പരീക്ഷ സംബന്ധമായ സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി കരിയർ ഗൈഡുകളും സൗഹൃദ കോ- ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിന് കരിയർ ഗൈഡുകളും സൗഹൃദ കോ-ഓർഡിനേറ്റർമാരും മുൻകൈ എടുക്കേണ്ടതാണ്. കുട്ടികൾക്ക് ഏത് അവസരത്തിലും ഈ അദ്ധ്യാപകരെ ഫോൺ മുഖേന ബന്ധപ്പെടുന്നതിനായി സ്കൂളുകളിൽ കരിയർ ഗൈഡുകളും സൗഹൃദ കോ- ഓർഡിനേറ്റർമാരും ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**പരീക്ഷാ സ്ക്വാഡുകൾ സ്കൂളുകൾ സന്ദർശിക്കുമ്പോൾ 'വീ ഹെൽപ്പ്' സംബന്ധിച്ചു നോട്ടീസുകൾ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.**

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

## പരീക്ഷയെ ഭയക്കേണ്ടതില്ല

## വീ ഹെൽപ്പ്

## നിങ്ങളുടെ സഹായത്തിന്

നിങ്ങൾക്ക് പരീക്ഷാ സമ്മർദ്ദങ്ങൾ അനുഭവപ്പെടുന്നുവെങ്കിൽ നിങ്ങളുടെ സ്കൂളിലെ കരിയർ ഗൈഡ് ,സൗഹൃദ ക്ലബ്ബ് എന്നിവയുടെ ചാർജ് ഉള്ള അദ്ധ്യാപകരോട് തുറന്ന് സംസാരിക്കുക . നിങ്ങളുടെ പ്രശ്നങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ് .

| പേര് | മൊബൈൽ നമ്പർ |
|---|---|
| | |
| | |

പരീക്ഷാ ഭയം മൂലം മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി വിഭാഗം ഒരുക്കിയിട്ടുള്ള ടോൾഫ്രീ നമ്പറിലേയ്ക്ക് വിളിക്കാവുന്നതാണ്.

## സംസ്ഥാനതല പരീക്ഷാ ഹെൽപ്പ് ലൈൻ

# 1800 425 2843

(ഈ നമ്പരിലേയ്ക്കുള്ള കോളുകൾ സൗജന്യമായിരിക്കും)

**CAREER GUIDANCE & ADOLESCENT COUNSELLING CELL**

***DIRECTORATE OF GENERAL EDUCATION HIGHER SECONDARY WING***